ഉത്തരം

(എ) 92,837 പേർക്ക്.

(ബി) 3,56,070.

(സി) 31-12-2005-ന് മുമ്പായി എല്ലാ കണക്ഷനുകളും നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

വൈദ്യുതി ബോർഡിലെ സ്റ്റാഫ് പാറ്റേണും സ്ഥിര നിയമനവും

34 [352] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ വിവിധ ഭാഗങ്ങളിലായി എത്ര ഉപഭോക്താക്കളാണ് ഉള്ളതെന്ന് വേർതിരിച്ച് വ്യക്തമാക്കാമോ;

(സി) വൈദ്യുതി വിതരണ മേഖലയിൽ ഉപഭോക്താക്കളുടെ വർദ്ധനവിനനുസരിച്ച് ജീവനക്കാരില്ലാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ സെക്ഷനുകളിലും നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) വൈദ്യുതി ഉൽപാദന, വിതരണ മേഖലകളിൽ ദിവസ വേതനക്കാരെയും കരാർ തൊഴിലാളികളെയും ഒഴിവാക്കി പി.എസ്.സി.വഴി നിയമനം നടത്തുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിലെ വിവിധ ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് ബോർഡ് ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.†

(ബി)

ഗാർഹികം	. .	57,46,319
ഗാർഹികേതരം	. .	14,14,345
കാർഷികം	. .	4,00,367
വ്യവസായം	. .	1,22,437
		76,83,468

(സി) ഉണ്ട്.

(ഡി) ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് പി.എസ്.സി. ലിസ്റ്റിൽനിന്ന് നിയമനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബോർഡിലെ ജീവനക്കാരുടെ അഭാവത്തിൽ മാത്രമേ കരാർ ജോലിക്കാരെ ഓരോ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താറുള്ളൂ. സ്ഥിരം ജീവനക്കാർ ലഭ്യമാകുന്ന മുറയ്ക്ക് കരാർ ജീവനക്കാരെ ഒഴിവാക്കാറുണ്ട്. ഇലക്ട്രിസിറ്റി വർക്കർ, മീറ്റർ റീഡർ, സബ് എഞ്ചിനീയർ തസ്തികകളിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നുണ്ട്.

ഇലക്ട്രിസിറ്റി ബോർഡിലെ താൽക്കാലിക മീറ്റർ റീഡർമാരുടെ നിയമനം

35 [353] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനുവേണ്ട അടിസ്ഥാന യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇപ്പോൾ ബോർഡിൽ ഈ തസ്തികയിൽ എത്രവീതം സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ഉണ്ട്; മീറ്റർ റീഡർമാരുടെ എത്ര തസ്തികകൾ ഇനി നികത്താനുണ്ട്;

(സി) താൽക്കാലിക മീറ്റർ റീഡർമാരെ തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോ;

(ഡി) ഇപ്പോൾ നിലവിലുള്ള താൽക്കാലിക മീറ്റർ റീഡർമാരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ഇ) നിശ്ചിത യോഗ്യതയില്ലാത്തവരെ ഈ തസ്തികയിൽ നിയമിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. യോഗ്യതയെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി)

സ്ഥിരം ജീവനക്കാർ	. .	892
താൽക്കാലിക ജീവനക്കാർ	. .	ഇല്ല
ഒഴിവുകളുടെ എണ്ണം	. .	829

(സി ആന്റ് ഡി) ഇലക്ട്രിസിറ്റി ബോർഡിൽ താൽക്കാലിക മീറ്റർ റീഡർമാരുടെ നിയമനം സാധാരണയായി നടത്താറില്ല. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ എസ്. എസ്.എൽ.സി.-യും ഐ.റ്റി.ഐ.-യും പാസായിട്ടുള്ള ഉദ്യോഗാർത്ഥികളെ പീസ് റേറ്റിൽ കാട്ടേഷൻ വാങ്ങി മീറ്റർ റീഡിംഗ് ജോലി ചെയ്യുന്നതിന് അതാതു ഫീൽഡ് ഓഫീസർമാർ നിയമിക്കാറുണ്ട്.

(ഇ) ഇല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly